# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിടങ്ങൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KTMP13/482/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/03/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിടങ്ങൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിടങ്ങൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിടങ്ങൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KTMP13/482/2021 തീയ്യതി: 26/03/2021

## കോട്ടയം ജില്ലയിലെ കിടങ്ങൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കിടങ്ങൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2019 മുതൽ 30-06-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു.സി.ജോർജ്ജ് . | ഡെപ്യൂട്ടി ഡയറക്ടർ.(ഹഗ്രേ) | 06-07-2020 | 16-07-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2020 | 16-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഇന്ദുലേഖ.എ ഓഡിറ്റ് ഓഫീസര
ശ്രീമതി.അമ്പിളി.എം അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ

ശ്രീ.രഞ്ജിത്ത്.എം സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഉണ്ണികൃഷ്ണൻ.എം ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷൈബി മാത്യു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. രാജീവ് എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ബാബുരാജ് ഡി | 01-04-2019 | 12-05-2019 |
| കൃഷി ഓഫീസർ | ശ്രീമതി. നീതു തോമസ് | 13-05-2019 | 31-03-2020 |
| വെറ്ററിനറി സർജൻ | ശ്രീമതി.കെ.എം വിജിമോൾ | 01-04-2019 | 13-08-2019 |
| വെറ്ററിനറി സർജൻ | ശ്രീമതി ഉഷ ആർ | 13-08-2019 | 31-03-2020 |
| വി.ഇ.ഒ | ശ്രീ.ജെസിൽ കെ എച്ച് | 01-04-2019 | 31-03-2020 |
| വി.ഇ.ഒ | ശ്രീമതി. പ്രജിത കെ.പി | 01-04-2019 | 31-03-2020 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി. പ്രജിത കെ.പി | 01-04-2019 | 31-03-2020 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ. ഗീത | 01-04-2019 | 31-03-2020 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.സിസി മൈക്കിൾ | 01-04-2019 | 31-03-2020 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ജോവാൻസി | 01-04-2019 | 31-03-2020 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.വിജി വിശ്വനാഥ് | 01-04-2019 | 31-03-2020 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി. സുധ പി വി | 01-04-2019 | 14-04-2019 |
| അസിസ്റ്റന്റ് | ശ്രീമതി.സിന്ധുദേവി | 15-04-2019 | 31-03-2020 |

| | | | | |
|---|---|---|---|---|
| എൻജിനീയർ എൽ.എസ്.ജി.ഡി | സി എസ് | | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A Indulekha (Audit Officer, On 15-03-2021)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-1 |
| 2 | ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 13-03-2021)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-2 |
| 3 | പദ്ധതി അവലോകനം.<br>Written By: A Indulekha (Audit Officer, On 15-03-2021)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-3 |
| 4 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: A Indulekha (Audit Officer, On 15-03-2021)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-4 |
| 5 | ആഭ്യന്തരനിയന്ത്രണം.<br>Written By: A Indulekha (Audit Officer, On 15-03-2021)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 15-03-2021)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-6 |
| 7 | വാർഷികധനകാര്യ പത്രികയുടെ വിശകലനവും പരിശോധനയും<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-7 |
| 8 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഈടാക്കാൻ ഫലപ്രദമായ നടപടികൾ അനിവാര്യം<br>Written By: A Indulekha (Audit Officer, On 01-03-2021)<br>Last Updated By: A Indulekha (Audit Officer, On 16-03-2021) | 1-8 |
| 9 | നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം - വസ്തു നികുതി ഈടാക്കിയിട്ടില്ല.<br>Written By: A Indulekha (Audit Officer, On 02-03-2021)<br>Last Updated By: A Indulekha (Audit Officer, On 16-03-2021) | 1-9 |
| 10 | വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു<br>Written By: A Indulekha (Audit Officer, On 02-03-2021)<br>Last Updated By: A Indulekha (Audit Officer, On 02-03-2021) | 1-10 |
| 11 | കടമുറികളിൽ കീഴ്വാടക സമ്പ്രദായം നിലനിൽക്കുന്നുവെന്ന് ബോധ്യമായിട്ടും , നടപടി സ്വീകരിച്ചില്ല - ചട്ടലംഘനം<br>Written By: A Indulekha (Audit Officer, On 02-03-2021)<br>Last Updated By: A Indulekha (Audit Officer, On 02-03-2021) | 1-11 |
| 12 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിനു ലഭ്യമായിട്ടില്ല<br>Written By: A Indulekha (Audit Officer, On 02-03-2021)<br>Last Updated By: A Indulekha (Audit Officer, On 02-03-2021) | 1-12 |
| 13 | കുടിവെള്ള വിതരണം - ആദായ നികുതി ഈടാക്കിയില്ല<br>Written By: A Indulekha (Audit Officer, On 02-03-2021)<br>Last Updated By: A Indulekha (Audit Officer, On 16-03-2021) | 1-13 |
| 14 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ- കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 04-03-2021)<br>Last Updated By: A Indulekha (Audit Officer, On 04-03-2021) | 1-14 |

| | | |
|---|---|---|
| 15 | ബാരൽ വില ഈടാക്കിയത് - നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 04-03-2021)<br>Last Updated By: A Indulekha (Audit Officer, On 04-03-2021) | 1-15 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-16 |
| 17 | പൊതുശൗചാലയം - 7.95 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രവർത്തനസജ്ജമായില്ല<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-17 |
| 18 | മുൻകൂർ തുക ഒടുക്കിയിട്ടും കെൽട്രോൺ കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-18 |
| 19 | മാലിന്യനിർമ്മാർജ്ജനം - സി സി ടി വി ക്യാമറകൾ പൂർണ്ണമായും പ്രവർത്തിയ്ക്കുന്നില്ല.<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-19 |
| 20 | പഞ്ചായത്ത് ഓഫീസിന് സോളാർ ഹൈബ്രിഡ് ഇൻവെർട്ടർ സ്ഥാപിയ്ക്കൽ-തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-20 |
| 21 | പുഴ, പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-21 |
| 22 | വിശ്രാന്തി - സമഗ്ര ശ്മശാന നവീകരണ പദ്ധതി - 9,12,708 രൂപ ചെലവഴിച്ചിട്ടും പ്രവർത്തനക്ഷമമായില്ല<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-22 |
| 23 | ആയുർവേദ ആശുപത്രി മെയിന്റനൻസ് - നിർവ്വഹണത്തിൽ കാലതാമസം<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-23 |
| 24 | ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം- തുടർ നടപടികൾ അനന്തമായി നീളുന്നു.<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-24 |
| 25 | മുൻകൂർ ഒടുക്കിയ തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-25 |
| 26 | പശുവളർത്തൽ ഇൻഷുറൻസ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-26 |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: A Indulekha (Audit Officer)<br>Last Updated By: A Indulekha (Audit Officer, On 15-03-2021) | 1-27 |
| 28 | ലൈഫ് പദ്ധതി അവലോകനം | 1-28 |

| | | |
|---|---|---|
| | Written By: A Indulekha (Audit Officer)<br>Last Updated By: () | |
| | **ഭാഗം 2** | |
| 1 | ഭാഗം 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 2 |
| | **ഭാഗം 3** | |
| 1 | ഭാഗം 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: A Indulekha (Audit Officer)<br>Last Updated By: () | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2019-20വർഷത്തെ പുതുക്കിയ ബജറ്റ് 28.01.2020 തിയതിയിലെ 3-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 8705435 | 26278086 |
| വരവ് | 98787771 | 48608875 |
| ആകെ | 107493206 | 74886961 |
| ചെലവ് | 104770956 | 43872704 |
| നീക്കിയിരിപ്പ് | 2722250 | 31014257 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. നോൺപ്ലാൻ ചെലവുകളുടെ എസ്റ്റിമേറ്റുകൾ സെക്രട്ടറി തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമായില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

## 1-2 ഫണ്ട് വിനിയോഗം

എ)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11638000 | 11638000 | *8691210 | 2946790 | 74 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3339000 | 3339000 | 2402497 | 936503 | 71 |
| വികസനഫണ്ട് ടി.എസ്.പി. | 0 | #68000 | 68000 | ------- | 68000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10305000 | 10305000 | 4736585 | 5568415 | 46 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3952000 | 3952000 | 1882352 | 2069648 | 48 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8254000 | 8254000 | 4382143 | 3871857 | 53 |
| ഓൺ ഫണ്ട് | 0 | 9713492 | 9713492 | 5449506 | 4263986 | 56 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 0 | 9974403 | 9974403 | 9767003 | 207400 | 98 |
| എസ്.ബി.ടി, (ഐ.സി.ഡി.എസ്) | 31008 | 555287 | 586295 | 439087 | 147208 | 75 |

| | | | | | | | |
|---|---|---|---|---|---|---|---|
| ബി ഫണ്ട് | | 0 | 8311320 | 8311320 | 8311320 | ------ | 100 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2925700 | 560000 | 3485700 | 1522307 | 1963393 | -- |
| | ജില്ലാ പഞ്ചായത്ത് | 2824000 | ---- | 2824000 | 255231 | 2568769 | -- |

*പ്രോജക്ട് നം 215/20 -ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്-264706രൂപയും, പ്രോജക്ട് നം216/20-2018-19-ൽ അംഗൻവാടി ജീവനക്കാർക്ക് പ്രതിഫലം ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയായ 481800 രൂപയും കുറച്ചുള്ള തുകയാണ് വാർഷികകണക്കുപ്രകാരം സൂചിപ്പിച്ചിരിക്കുന്നത്.

# ഐ.കെ.എം പത്രിക പ്രകാരം റ്റി.എസ്.പി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

## 1-3 പദ്ധതി അവലോകനം.

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) മൂന്നാം വാർഷികപദ്ധതിയാണ് 2019-20 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതി സുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. പ്രസ്തുത ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യ നടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 19.11.2018ൽ 14 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജ്ക്ടുകൾ 10.11.2018—18.11.2018 വരെ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭയോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 05.12.2018ൽ നടന്ന വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. വാർഷിക പദ്ധതി നിർവഹണത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ പൊതുവും അനിവാര്യവുമായ ചുമതലകൾ എപ്രകാരം നിർവഹിക്കപ്പെട്ടുവെന്നതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 2707/18-/DPC/DPO/KTM തീയതി 09.03.2020

നിർവഹണ ഉദ്യോഗസ്ഥരും പദ്ധതി നിർവഹണവും

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 3 | 3934000 | 558500 |
| വെറ്ററിനറി സർജൻ | 4 | 3 | 4075000 | 1699988 |
| എം.ഒ.,പി.എച്ച്.സി | 3 | 2 | 955000 | 506558 |
| എം.ഒ.,ആയുർവേദം | 1 | 1 | 785000 | 783900 |
| എം.ഒ ,ഹോമിയോ | 1 | 1 | 150000 | 150000 |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 9363154 | 2300000 |
| വി.ഇ.ഒ | 9 | 7 | 2898888 | 2153338 |
| ICDS സൂപ്പർവൈസർ | 7 | 4 | 4828600 | 3649556 |
| സെക്രട്ടറി | 37 | 24 | 9850975 | 3562165 |
| അസി.സെക്രട്ടറി | 5 | 4 | 1420140 | 1001211 |
| | | | | |

| | | | | |
|---|---|---|---|---|
| അസി.എൻജിനീയർ | 111 | 54 | 41404575 | 11159792 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 453250 | 353250 |
| ഹെഡ്മാസ്റ്റർ | 7 | 6 | 1304500 | 10830729 |
| ആകെ | 194 | 112 | 8,14,23,082 | 2,89,61,330 |

വാർഷികപദ്ധതി നിർവ്വഹണത്തിൽ കൃഷിയ്ക്കും മൃഗസംരക്ഷണത്തിനും മതിയായ പ്രാധാന്യം നൽകാൻ സാധിക്കാതെ വന്നത് പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച വീഴ്ചയാണ്. വെറ്റിനറി ഡോക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പശുവളർത്തൽ പ്രോജക്ട് സംബന്ധിച്ച ഫയലിൽ ഇൻഷ്വറൻസ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിലെ സുതാര്യത, ഭൗതികനേട്ടം എന്നിവ രേഖാപരമായി വിലയിരുത്താൻ സാധിച്ചിട്ടില്ല.
തുടർച്ചയായ വർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്നുണ്ടെങ്കിലും ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന് സ്ഥിരം സംവിധാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. മുൻവർഷം പൂർത്തീകരിച്ച തുമ്പൂർമൂഴിമോഡൽ മാലിന്യസംസ്കരണപ്ലാന്റ് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം മൂലം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് സാധിക്കുന്നില്ല.

വിവിധ അങ്കണവാടികളുടെ മെയിന്റനൻസിനും, വിവിധ സ്കൂളുകളിൽ മെയിന്റനൻസിനും, പൊതു കുളങ്ങൾ നവീകരിക്കുന്നതിനും പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ സ്വപ്നപദ്ധതികളും മുൻവർഷങ്ങളിൽ ഏറ്റെടുത്തവയുമായ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്നിവ സ്പിൽഓവർ പ്രോജക്ടുകളായി തൻവർഷവും തുടർന്നെങ്കിലും പൂർത്തിയായിട്ടില്ല. സ്പിൽ ഓവർപ്രോജക്ടായി നടപ്പിലാക്കിയ പൊതു ടോയ് ലെറ്റ് സമുച്ചയം നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ 90% പ്രവൃത്തികളും റോഡ് വികസനത്തി നായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കി യതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ സഭയിലാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല. പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

<u>മോണിട്ടറിംഗ് ഫലപ്രദമല്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>ബി) വിനിയോഗലക്ഷ്യം കൈവരിച്ചില്ല 1.54 കോടി രൂപ നഷ്ടപ്പെട്ടു</u>

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11638000 | 8691210 | 2946790 | 74 |
| വികസനഫണ്ട് എസ്.സി.പി. | 3339000 | 2402497 | 936503 | 71 |
| വികസനഫണ്ട് ടി.എസ്.പി. | #68000 | ------- | 68000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1030500 | 4736585 | 5568415 | 46 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3952000 | 1882352 | 2069648 | 48 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8254000 | 4382143 | 3871857 | 53 |
| ആകെ | | | 15,461,213 | |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതല ഉണ്ടായിരുന്ന മരാമത്ത് പ്രവൃത്തികളിൽ പകുതിയിൽ കൂടുതൽ പ്രോജക്ടുകളും നടപ്പിലായില്ല. ഫണ്ട് ലാപ്സാകുന്നതിൽ ഇത് പ്രധാന കാരണമായി ഭവിച്ചു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി തുകയ്ക്ക് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽ ഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 1.54 കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് ഇപ്രകാരമുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-4 ക്യാഷ് വെരിഫിക്കേഷൻ

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2020 തീയതിയിൽ 11.01 AMന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 1,705/- രൂപ [ആയിരത്തി എഴുനൂറ്റഞ്ചു രൂപ മാത്രം] ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരിൽ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണം സ്ഥാപനത്തിൽ നിലനിൽക്കുന്നു. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

4) <u>നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം</u>

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും കുടിശ്ശിക പിരിവ് പൂർണ്ണമായും പ്രാവർത്തികമാക്കിയിട്ടില്ല. ബി.എസ്.എൻ.എൽ ടവറുകളുടെ വസ്തുനികുതി, വാടക എന്നീയിനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു.

5) <u>വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം</u>

പ്രൊക്യുർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യുർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.

6) <u>പേ റോൾ നിയന്ത്രണം</u>

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) <u>ആസ്തി നിയന്ത്രണം ഫലപ്രദമല്ല</u>

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം</u>

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

## <u>1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഡിസംബർ 2019 | നവംബർ2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | --- | 2011-12 To2015-16 | LBA(HQ)II/I/8A-2426/2017 Dtd.24.07.2017 |

## <u>1-7 വാർഷികധനകാര്യ പത്രികയുടെ വിശകലനവും പരിശോധനയും</u>

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25.04.2020-ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് ബാധ്യത 2616175/- രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 32179586.53 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രികകൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു. 26278086 രൂപയും തൻവർഷ വരവ് 48608875 രൂപയും തൻവർഷചെലവ് 43872704 രൂപയും വർഷാവസാന നീക്കിയിരിപ്പ് 31014257/- രൂപയും ആകുന്നു. തൻവർഷത്തെ

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 67497229 രൂപയും ആകെ ചെലവ് 58759646- രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനമായി കണക്കാക്കിയത് 67363969 രൂപയും മിച്ച തുക (പ്രവർത്തന മിച്ചം) 8737583 രൂപയുമാണ്. 31.3.20 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 58292161രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള

1) 26-7-11-ലെ ജി.ഒ(എം.എസ്) 152/11-ലെനിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

3)വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡി.സി.ബി തുകകൾ സഞ്ചയപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ( ഷെഡ്യൂൾ I-16).

5)ബാലൻസ് ഷീറ്റിൽ 'State Govt Cess/Levies In Property Tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി കുടിശ്ശിക തുകയുടെ നിശ്ചിത നിരക്കുമായി പൊരുത്തപ്പെടുന്നില്ല.

6) I-6 പട്ടികയിൽ ജി.ഒ പ്രോജക്ടുകൾക്കായി വിനിയോഗിച്ച തുക കിഴിച്ചുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## <u>1-8 മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഈടാക്കാൻ ഫലപ്രദമായ നടപടികൾ അനിവാര്യം</u>

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആകെ 14 മൊബൈൽ ടവറുകളുടെ വസ്തുനികുതിയാണ് പഞ്ചായത്തിൽ നിർണ്ണയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.10.14 ലെ സർക്കുലർ നം. 40395/ആർസി2/14 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല.

<u>മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക – തുടർ നടപടി സംബന്ധിച്ച്</u>

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധയിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | വസ്തുനികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1/401 | സബ് ഡിവിഷൻ എഞ്ചിനീയർ, ബി.എസ്.എൻ.എൽ | 4050 | 2011-12 മുതൽ കുടിശ്ശിക |
| 13/541 | റിലയൻസ് ഇൻഫ്രാ കൊച്ചിൻ | 5902 | 2018-19, 2019-20 കുടിശ്ശിക |
| 14/576C | സബ് ഡിവിഷൻ എഞ്ചിനീയർ, ബി.എസ്.എൻ.എൽ., പാലാ | 4374 | 2016-17 മുതൽ കുടിശ്ശിക |
| 3/9A | സബ് ഡിവിഷൻ എഞ്ചിനീയർ, ബി.എസ്.എൻ.എൽ | 4896 | 2011-12 മുതൽ കുടിശ്ശിക |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-2(07/07/20)യ്ക്ക് ബി.എസ്.എൻ.എൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കുന്നതിന് ഓൺലൈൻ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർ

നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-9 നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം - വസ്തു നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിച്ചുവരുന്ന അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ 2015-16 വരെയുള്ള വിവരങ്ങളേ ചേർത്തിട്ടുള്ളൂ. 2015-16 വരെ ആകെ 8 കെട്ടിടങ്ങളാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നിയമാനുസൃതമല്ലാത്ത മൂന്ന് അനധികൃത കെട്ടിടങ്ങളാണ് ഉള്ളത്. മറ്റ് അഞ്ച് കെട്ടിടങ്ങളുടെ നിലവിലെ വിവരം കൂടി ഓഡിറ്റ് എൻക്വയറി നം.1/07-07-2020ന് മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ കൂടി ചേർത്ത് രജിസ്റ്റർ പൂർത്തീകരിയ്ക്കേണ്ടതാണ്. രജിസ്റ്റർ പ്രകാരമുള്ള നിലവിലെ മൂന്ന് കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. .

| കെട്ടിട നം | ഉടമയുടെ പേര് |
|---|---|
| 1/320 എ | സുനീഷ് കെ എം , കായപ്പള്ളിൽ |
| 4/131 എ | ബെന്നി മാത്യു , മ്ലാവിൽ |
| 14/46 എ | ജയ്സൺ ജോസഫ് , അമ്പലത്തറ |

ക്രമ നമ്പർ 2 ബെന്നി മാത്യു, മ്ലാവിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം 2012-13 ൽ അസ്സസ്സ് ചെയ്തിരുന്നതാണ്. എന്നാൽ കെട്ടിട ഉടമ വിദേശത്തായതിനാൽ ഡിമാന്റ് നോട്ടീസ് നൽകിയിരുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2,44,944 രൂപയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ 2018-19 മുതലുള്ള വസ്തു നികുതി മാത്രമാണ് കുടിശ്ശികയായി സഞ്ചയയിൽ കാണിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2012-13 മുതലുള്ള നികുതി കണക്കാക്കി ഡിമാൻഡ് നോട്ടീസ് രജിസ്റ്റേർഡ് തപാലിൽ അയയ്ക്കുകയും ആയത് മടങ്ങി വന്നതിനാൽ ആർആർ ഓൺലൈൻ നടപടി മുഖാന്തിരം വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. 2012-13 മുതലുള്ള വസ്തുനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ക്രമനമ്പർ 1, 3 എന്നിവയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെയും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള മറ്റ് കെട്ടിടങ്ങളുടെയും നിർമ്മാണം ക്രമവൽക്കരിക്കാൻ സ്വീകരിച്ച നടപടി വിവരം മൂന്നിരട്ടി നിരക്കിൽ വസ്തുനികുതി ഈടാക്കിയതിന്റെ വിവരം എന്നിവ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-10 വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട വിവിധ കെട്ടിടങ്ങളുടെ വാടക വരവിനങ്ങളിന്മേൽ കുടിശ്ശിക നിലനിൽക്കുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുത്തകക്കാരുടെ പേരും വിലാസവും | വാർഡ് നം./ കെട്ടിട നം. | കുടിശ്ശിക വാടക തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സബ് രജിസ്ട്രാർ ഓഫിസ്, കിടങ്ങൂർ | XIV/472 | 72000+ GST | 2019-20 വർഷത്തെ വാടക തുക ഈടാക്കുവാനവശേഷിക്കുന്നു. പ്രതിമാസ വാടക 6000/- + 18% GST |
| 2. | കെ.എസ്.ഇ.ബി | XIV/477 | 5789+ | 2019 ഡിസംബർ മാസം |

| | | | | |
|---|---|---|---|---|
| | ഓഫിസ്, കിടങ്ങൂർ | | GST | വരെയുള്ള വാടക തുക ഈടാക്കിയിട്ടുണ്ട്. 09.01.2020 തീയതിയിൽ കുത്തകാവകാശം ഒഴിഞ്ഞിട്ടുണ്ടെങ്കിലും, ഓഡിറ്റ് വർഷം ടി തീയതിവരെയുള്ള ചരക്ക് സേവന നികുതി, പിഴപ്പലിശ തുടങ്ങിയവ ഈടാക്കാനവശേഷിക്കുന്നു. പ്രതിമാസ വാടക 57089/- + 18% GST |
| 3. | സജിമോൻ.കെ.വി, കൊങ്ങോർപള്ളിത്തറ, കിടങ്ങൂർ | XIV/479 | 8867+ GST | എസ്.സി വിഭാഗത്തിന് സംവരണം ചെയ്ത് നൽകിയിരിക്കുന്ന ടി കെട്ടിടത്തിന്റെ വാടക തുക ഈടാക്കുവാനവശേഷിക്കുന്നു. പ്രതിമാസ വാടക 1318/- + 18% GST |
| | ആകെ | | 86,656/- | |

വാടക തുക സമയബന്ധിതമായി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [നം.09/11.07.2020], വാടക തുക അടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, വാടക തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളത്. വാടക കുടിശ്ശിക ഈടാക്കി, രേഖകൾ ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 കടമുറികളിൽ കീഴ്‌വാടക സമ്പ്രദായം നിലനിൽക്കുന്നുവെന്ന് ബോധ്യമായിട്ടും , നടപടി സ്വീകരിച്ചില്ല - ചട്ടലംഘനം

ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടതും വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ വിവിധ കെട്ടിടങ്ങളുടെ ബന്ധപ്പെട്ട കുത്തകക്കാർ വർഷങ്ങളായി കീഴ്‌വാടക സമ്പ്രദായം അനുവർത്തിച്ച് വരുന്നതായി വാടകയുമായി ബന്ധപ്പെട്ട ഫയലുകളിൽ നിന്നും രജിസ്റ്ററുകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഇത് സംബന്ധമായ കമ്മറ്റി തീരുമാനങ്ങളും മേൽ വസ്തുത വെളിപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേലം സ്ഥിരപ്പെടുത്തി നൽകപ്പെട്ട വ്യക്തിയുടെ പേരും വിലാസവും | വാർഡ് നം./ കെട്ടിട നം. | ലഭ്യമായ രേഖകൾ പ്രകാരം കീഴ്‌വാടകയ്ക്ക് നൽകപ്പെട്ട വ്യക്തിയുടെ പേരും വിലാസവും | തറ വിസ്തീർണ്ണം ച.മീ. |
|---|---|---|---|---|
| 1. | മിനി മോഹൻദാസ്, പുറത്തശ്ശേരിൽ, കുമ്മണ്ണൂർ | XIV/487 | കെ.വി. ചന്ദ്രൻ, കണ്ണവീട്ടിൽ, കട്ടച്ചിറ | 122.6664 |
| 2. | എ. ആർ. ദിനമണി, നെല്ലാട്ട്, ളാലം | XIV/486 | ജയദേവ്, നന്ദിലാട്ട്, കുമ്മണ്ണൂർ | 85.381 |
| 3. | തോമസ്, പറപ്പള്ളിൽ, കിടങ്ങൂർ | XIV/485 | ജിൻസി ജോജോ, കുഴിവേലിൽ, കിടങ്ങൂർ | 94.15 |

| | | | | |
|---|---|---|---|---|
| 4. | ജയപ്രകാശ്, ഐക്കരക്കുഴിയിൽ, തെള്ളകം | XIV/480 | ജി. ഗംഗാധര കൈമൾ, വടക്കനാട്ട്, കിടങ്ങൂർ | 143.43 |
| 5. | സജിമോൻ. കെ.വി, കൊങ്ങോർപ്പള്ളിത്തറ, കിടങ്ങൂർ | XIV/479 | സൃഷ്ടി കൺസ്ട്രക്ഷൻസ്, കിടങ്ങൂർ | 157.31 |
| 6. | ജോസ്. ടി. എം, തടത്തിൽ, കിടങ്ങൂർ | XIV/490 | ഷിനോ, തൈത്തറപ്പേൽ, കുടല്ലൂർ | 143.43 |
| 7. | മിനി മോഹൻദാസ്, പുറത്തശ്ശേരിൽ, കുമ്മണ്ണൂർ | XIV/491 | ഷിനോ,തൈതറപ്പേൽ, കുടല്ലൂർ എന്ന വ്യക്തിക്ക് കീഴ്വാടകയ്ക്ക് നൽകിയിരുന്നു. നോട്ടീസ് നൽകിയപ്പോൾ ലേലം കൊണ്ടയാൾ തന്നെ മുറി തിരികെ എടുത്തു. (ഇരട്ടി വാടകയ്ക്ക് നിശ്ചയിച്ചു) | 150.102 |
| 8. | സാബു ആന്റണി, കുവക്കാട്ടിൽ | XIV/490A | തോമസ്, മേക്കാട്ടേൽ, കിടങ്ങൂർ | 225.099 |

കേരള പഞ്ചായത്ത് രാജ് [വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും] ചട്ടങ്ങൾ, ചട്ടം 7 [3], ഒന്നാം ഉപചട്ടമനുസരിച്ച് വാടകയ്ക്ക് കൊടുത്തിട്ടുള്ള യാതൊരു കെട്ടിടമോ മുറിയോ ഇടമോ ലൈസൻസുകാരൻ, മറ്റൊരാൾക്ക് വാടകയ്ക്ക് കൊടുക്കാനോ അതിന്റെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ പാടില്ലാത്തതാകുന്നു.

ചട്ടം 7 [4], ഒന്നാം ഉപചട്ടമനുസരിച്ച്, ഏതെങ്കിലും ഒരാൾക്ക് വാടകയ്ക്ക് കൊടുത്തിട്ടുള്ള ഏതെങ്കിലും കെട്ടിടമോ മുറിയോ മറ്റൊരാൾക്ക് കൊടുത്തിട്ടുള്ളതായി ഏതെങ്കിലും സമയത്ത് സെക്രട്ടറിയ്ക്ക് തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള ആൾക്ക്, കൊടുത്തിട്ടുള്ള ലൈസൻസ് അദ്ദേഹം ഉടൻ തന്നെ ഉത്തരവ് വഴി റദ്ദ് ചെയ്യേണ്ടതും, അതതു സംഗതി പോലെ, ആ കെട്ടിടമോ മുറിയോ ഇടമോ ഉപയോഗിക്കുകയും കൈവശം വച്ചിരിക്കുകയും ചെയ്യുന്ന ആളിനോടോ ആളുകളോടോ ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ ഒഴിഞ്ഞുപോകുവാൻ നിർദ്ദേശിക്കേണ്ടതുമാണ്. എന്നാൽ, ലൈസൻസ് റദ്ദ് ചെയ്തുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഉപയോഗിക്കുന്ന ആളെയോ കൈവശക്കാരനെയോ ഒഴിപ്പിക്കുന്നതിനുമുമ്പ്, സെക്രട്ടറി, അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ, നോട്ടീസിൽ പറഞ്ഞിരിക്കേണ്ട ന്യായമായ സമയത്തിനുള്ളിൽ, ആയത് കാണിക്കാൻ അയാളോട് ആവശ്യപ്പെട്ടുകൊണ്ട് അയാൾക്ക് നോട്ടീസ് നൽകേണ്ടതാണ്.

ചട്ടം 7 [5], നാലാം ഉപചട്ടമനുസരിച്ചുള്ള ഉത്തരവ്, അതിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ പാലിച്ചില്ലെങ്കിൽ, സെക്രട്ടറി അങ്ങനെയുള്ള ആളെയോ ആളുകളെയോ ആ കെട്ടിടത്തിൽ നിന്നോ മുറിയിൽ നിന്നോ ഇടത്തിൽ നിന്നോ പോലീസിന്റെ സഹായത്തോടുകൂടിയോ അല്ലാതെയോ നീക്കം ചെയ്യേണ്ടതും ആ കെട്ടിടമോ മുറിയോ ഇടമോ അതതു സംഗതി പോലെ, അടച്ചിടേണ്ടതും ആകുന്നു. അതിനെത്തുടർന്ന് ആ പരിസരത്ത് കാണപ്പെടുന്ന എല്ലാ വസ്തുക്കളും പഞ്ചായത്തിന്റെ വകയായിരിക്കുന്നതും അവയെ കൈയൊഴിക്കേണ്ടതും അതിൽ നിന്നുമുള്ള വരുമാനം പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതുമാകുന്നു.

ചട്ടത്തിലെ ഫാറം III പ്രകാരമുള്ള നിർദിഷ്ട വാടക കരാർ പത്രത്തിലെ ക്രമ നം. [6] ലും ഇത് സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശം നിലനിൽക്കുന്നു.

31.08.2019 തീയതിയിലെ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ, അജണ്ട നം. [8] ൻ മേലുള്ള തീരുമാനം [1] ൽ, പ്രസ്തുത കടമുറികൾ ലേലം കൊണ്ടിരുന്നവർ മറ്റുള്ളവർക്ക് കീഴ്വാടകയ്ക്ക് നൽകിയ വിവരം പരാമർശിച്ചിട്ടുണ്ട്. തികച്ചും നിയമവിരുദ്ധമായ നടപടിയായി വീക്ഷിക്കാവുന്ന ടി അപാകത ശ്രദ്ധയിൽപ്പെട്ടിട്ടും ടി കെട്ടിടങ്ങളിൽ കച്ചവടം

നടത്തുന്നതിന് നിലവിൽ ഉപയോഗിക്കുന്നവർ 31.03.2020 വരെ ഉപയോഗിക്കുന്നതിനും നിലവിൽ അടവാക്കിയിരുന്ന വാടക തുകയുടെ ഇരട്ടി തുകയും ജി.എസ്.റ്റി, പ്രളയ സെസ്സ് എന്നിവയടക്കമുള്ള തുക അടവാക്കാൻ തയ്യാറാണെങ്കിൽ തുടരാൻ അനുവദിക്കുന്നതിനും തീരുമാനിച്ചു. നിയമവിരുദ്ധമായ നടപടി സാധൂകരിക്കുന്ന വിധം ഇപ്രകാരം കൈകൊണ്ട തീരുമാനം നിയമപരമായി നിലനിൽക്കുന്നതല്ല. കരാർ വ്യവസ്ഥകൾക്ക് കടക വിരുദ്ധമായ രീതിയിൽ മുറികളുടെ കുത്തകാവകാശം അനധികൃതമായി കീഴ്വാടകയ്ക്ക് കൈമാറിയ യഥാർത്ഥ കുത്തകക്കാർക്കെതിരെ നിയമം അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അധികൃതർ പരാജയപ്പെട്ടു. നിയമവിരുദ്ധമായ രീതിയിൽ മുറികളുടെ കുത്തകാവകാശം ലഭിച്ച വ്യക്തികൾക്ക് തുടരാൻ കഴിയുന്നത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഉദാസീനമായ നടപടി മൂലമാണ്. സാങ്കേതികവും മനുഷ്യത്വപരവുമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി നിയമവിരുദ്ധമായ നടപടി സാധൂകരിച്ച് നൽകാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമില്ല. ഇക്കാര്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിയമം അനുശാസിക്കുന്ന വിധം കമ്മറ്റിയെ ധരിപ്പിച്ചതായി കാണുന്നില്ല.

വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട കുത്തകക്കാർക്കെതിരെ, വ്യവഹാര നടപടികൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും ചട്ടത്തിലെ വ്യക്തമായ നിർദ്ദേശങ്ങൾ നിലനിൽക്കെ, പ്രസ്തുത കമ്മിറ്റി തീരുമാനത്തിലേക്ക് ഭരണസമിതി എത്തിച്ചേരുവാനുണ്ടായ സാഹചര്യം സംബന്ധിച്ചും വിശദമായ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [നം. 10/11.07.2020], ജീവനക്കാർക്കോ സെക്രട്ടറിക്കോ കടമുറികൾ കീഴ്വാടക സമ്പ്രദായത്തിൽ നൽകിയിട്ടുള്ള വിവരം അറിയാൻ കഴിഞ്ഞിരുന്നില്ലെന്നും, 24.06.2020 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. [1] പ്രകാരം കീഴ്വാടകക്കാരെ ഒഴിപ്പിച്ച് ലേല നടപടികളിലൂടെ വാടകയ്ക്ക് നൽകുന്നതിനും, ലേല നടപടികൾക്കുള്ള അടിസ്ഥാന വാടക തുക നിശ്ചയിച്ച് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും കത്ത് നൽകിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കീഴ്വാടക സമ്പ്രദായം തുടരുന്നത് മേലുദ്ധരിച്ച പഞ്ചായത്ത് രാജ് ചട്ടങ്ങളുടെ ലംഘനമാണ്. 24.06.2020 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. [1] ന് വിധേയമായി, അസിസ്റ്റന്റ് എഞ്ചിനീയറുടെ വാടക തുക നിർദ്ദേശത്തോടുകൂടി നിയമപരമായ ലേല നടപടികൾ സ്വീകരിച്ച്, വ്യക്തമായ വാടക എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽകടമുറികൾ പരസ്യലേലത്തിലൂടെ വാടക വ്യവസ്ഥയിൽ അനുവദിച്ച് നൽകേണ്ടതും, സമയബന്ധിതമായി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തുമായി ഏർപ്പെട്ട കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി മുറികളുടെ കുത്തകാവകാശം അനധികൃതമായി കൈമാറ്റം ചെയ്ത കുത്തകകാർക്കെതിരെ കരാർ ലംഘനത്തിന്മേൽ യുക്തമായനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതുമാണ്.

## 1-12 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിനു ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായ ഇ-ടെൻഡർ ഫീസ് ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. 2019-20 വർഷം കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നമ്പർ സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി 16/07/19 ന് കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (എസ്.ബി.ഐ കിടങ്ങൂർ A/C No- 3860846000-4) ഈ അക്കൗണ്ടിലേയ്ക്ക് ടെണ്ടർഫീ മാറ്റുന്നതിലേയ്ക്കായി എക്സി.എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും നിലവിലും തുക ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. 2019-20 ൽ ഗ്രാമപഞ്ചായത്തിൽ നടന്ന ഇ-ടെൻഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/പ്രോജക്ട് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് (18% ജി എസ് ടി ഉൾപ്പെടെ |
|---|---|---|
| 70/20 കോയിത്തറപ്പടി അങ്കണവാടി റോഡ് , | 1 | 1614 |

| | | |
|---|---|---|
| വേലപ്പറമ്പിൽ വെട്ടിക്കൽ റോഡ് മെയിന്റനൻസ് , വാർഡ് 15 | | |
| 70/20 കോയിത്തറപ്പടി അങ്കണവാടി റോഡ് , വേലപ്പറമ്പിൽ വെട്ടിക്കൽ റോഡ് മെയിന്റനൻസ് , വാർഡ് 15 | 1 | 1810 |
| 118/20 ചെമ്പിലാവ് പാടശേഖര ജലസേചന പദ്ധതി | 2 | 1374 |

ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിക്കുവാനുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 കുടിവെള്ള വിതരണം - ആദായ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വിവിധ വാർഡുകളിൽ 2019-20 വർഷം ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിച്ചതിന് ലോഡ് ഒന്നിന് 1300- രൂപ നിരക്കിൽ 236 ലോഡ് വെള്ളത്തിന് താഴെപ്പറയും പ്രകാരം ആകെ 306450 രൂപ (196276/- രൂപ വൗച്ചർ നം. 21900186/ 17.06.2019, 113400 രൂപ വൗച്ചർ നം. 21900186/14.08.2019) ശ്രീ. മുരളിധരൻ എം.ബി നൽകിയിട്ടുണ്ട്. തുക നൽകിയപ്പോൾ നിയമ പ്രകാരമുള്ള നിരക്കിൽ ആദായ നികുതി ശ്രീ. മുരളിധരൻ എം.ബി യിൽ നിന്നും ഈടാക്കിയിട്ടില്ല. 1995 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 C പ്രകാരം 1% ആദായനികുതി (കോൺട്രാക്ടർമാർ) ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19 തീയതി 16.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായനികുതി നിയമം അനുശാസിക്കുന്ന വിധം സ്രോതസ്സിൽ നികുതി കുറവ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി ഇക്കാര്യത്തിൽ വ്യക്തിപരമായി ബാധ്യസ്ഥനാണ്. ആദായ നികുതി ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്. (ഇതിന്മേലുള്ള മറ്റ് നിയമ നടപടികൾക്കും പിഴ ഒടുക്കലിനും സെക്രട്ടറി വ്യക്തിപരമായി ബാധ്യസ്ഥനായിരിക്കുന്നു.)

## 1-14 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം 2007-08 മുതൽ നൂറോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവവരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ എതിർകക്ഷിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യവും വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയ പരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ (106000 രൂപയാണ് ഓഡിറ്റുവർഷം ചെലവഴിച്ചത്) കൃത്യതയും വ്യക്തമല്ല. ഓഡിറ്റുവർഷം ചെലവഴിച്ച തുകയ്ക്ക് അനുബന്ധമായ കേസുകളുടെ വിവരങ്ങളും രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.

## 1-15 ബാരൽ വില ഈടാക്കിയത് - നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല

വിവിധ ടാറിംഗ്, റീടാറിംഗ് ബില്ലിൽ കുറവ് ചെയ്ത ബാരൽ വില നിലവിൽ തനത് ഫണ്ടിൽ അടവാക്കി വരുന്നു. എന്നാൽ സർക്കുലർ നം. 59827/എഫ്എം/07/തസ്വഭവ 31.10.07ൽ ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജിഓ(പി)177/06/ധനം/12.04.06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം എന്ന

നിർദ്ദേശിച്ചിട്ടുണ്ട്. വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ ബാരൽ വില തനത് ഫണ്ടിൽ അവശേഷിക്കുന്നത് അതാത് ഫണ്ടിലേയ്ക്ക് അടവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2019-20 അസി.എഞ്ചിനീയർ നിർവഹണം നടത്തിയ ഹരിത കേരളം - ജലസ്രോതസ്സുകളുടെ നവീകരണം എന്ന പ്രോജക്ടിലുൾപ്പെട്ട വാർഡ് 3 പേരൂർ കുളം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പുതിയ കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ, കലുങ്കുകൾ, പഞ്ചായത്ത് കിണറുകൾ, കുളിക്കടവുകൾ, കുളങ്ങൾ, പുതുതായി നിർമ്മിച്ച റോഡുകൾ എന്നിവ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വികസന പ്രവർത്തനങ്ങൾക്ക് സ്വകാര്യ വ്യക്തികൾ വിട്ടു നല്കുന്ന ഭൂമി പഞ്ചായത്തിന്റെ പേരിലാക്കുന്നതിന് റവന്യൂ വകുപ്പ് തടസ്സം നിൽക്കുന്നതായി പഞ്ചായത്ത് അധികൃതർ പരാതിപ്പെട്ടിട്ടുണ്ട്. ആയതിനാലാണ് ആസ്തിരജിസ്റ്റർ കാലികമാക്കാൻ കഴിയാത്തതെന്നും അഭിപ്രായപ്പെട്ടു. വിഷയം എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെയും ബാധിക്കുന്നതാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും ഓഡിറ്റ് സമാപനയോഗത്തിൽ സൂചിപ്പിച്ചു. ആസ്തിയുടെ വിനിമയം സംബന്ധിച്ചുള്ള നിലവിലെ അവസ്ഥ സർക്കാറിന്റെ ശ്രദ്ധയിൽപെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 പൊതുശൗചാലയം - 7.95 ലക്ഷം രൂപ ചെലവഴിച്ചിട്ടും പ്രവർത്തനസജ്ജമായില്ല

കിടങ്ങൂർ ബസ്ബേയ്ക്ക് സമീപം പൊതുശൗചാലയ നിർമ്മാണത്തിന് 2018-19ൽ പ്രവൃത്തി ആരംഭിച്ചു. പ്ലമ്പിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളൊഴികെയുള്ള കെട്ടിടനിർമ്മാണ പ്രവർത്തനം 2018-19ൽ പൂർത്തീകരിച്ചു. 2018-19 ലെ ആകെ ചെലവ് – 5,86,341 (കേന്ദ്രവിഹിതം + തനത് ഫണ്ട്) പൊതുശൗചാലയ സമുച്ചയ പൂർത്തീകരണത്തിനായി 2019-20 ൽ സ്പിൽ ഓവർ ആയി നടത്തിയ 175/20, 191/20പ്രോജക്ടുകളിൽ പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും, റോഡിൽ നിന്നും ശൗചാലയത്തിലേയ്ക്ക് റാമ്പും നിർമ്മിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 175/20 |
| അടങ്കൽ | 32441(തനത് ഫണ്ട്) |
| ചെലവ് | 32441(തനത് ഫണ്ട്) (ചെക്ക് നം 21900503/01-10-19) |
| കരാറുകാരൻ | കിടങ്ങൂർ ഇൻഡിപെൻഡന്റ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 2.പ്രോജക്ട് നം. | 191/20 |
| അടങ്കൽ | 200000(13-ാം ധനകാര്യ കമ്മീഷൻ) |
| ചെലവ് | 1,76,404 (ബിൽ നം. 48/19-20/20.01.20) |
| കരാറുകാരൻ | കിടങ്ങൂർ ഇൻഡിപെൻഡന്റ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |

മുൻ വർഷ ചെലവുൾപ്പെടെ 7,95,186 രൂപ പൊതുശൗചാലയ നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ഉപയോഗത്തിനായി തുറന്നുകൊടുക്കുമ്പോൾ കളക്ഷൻ ചാർജ് ഈടാക്കുന്നതിനുള്ള കളക്ഷൻ

യൂണിറ്റിന്റെ നിർമ്മാണം നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കളക്ഷൻ യൂണിറ്റിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് ശൗചാലയം പൊതുജന ഉപയോഗത്തിനായി തുറന്നു നൽകേണ്ടതാണ്. കൂടാതെ ശൗചാലയത്തിന് ബോർഡ് സ്ഥാപിക്കു-ന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 1-18 മുൻകൂർ തുക ഒടുക്കിയിട്ടും കെൽട്രോൺ കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

കമ്പ്യൂട്ടർ വാങ്ങുന്നതിനായി കെൾട്രോണിന് തുക നൽകിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | എസ് 0198/20 |
| പ്രോജക്ട് | ജെന്റർ പ്രവർത്തനങ്ങൾ(കമ്പ്യൂട്ടർ വാങ്ങൽ) |
| അടങ്കൽ | 150000(ബ്ലോക്ക് വിഹിതം) |
| ചെലവ് | 40129 (തുക കെൽട്രോണിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് നല്കി) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജെന്റർ പ്രവർത്തനങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ജെന്റർ റിസോഴ്സ് സെന്ററിനു വേണ്ടി കമ്പ്യൂട്ടർ വാങ്ങുന്നതിനായാണ് 40129 രൂപ ചെലവഴിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഇൻവോയ്സ് നം-TVM/ITBG/PI/RC/17861/19-20/20.03.20 പ്രകാരം 40129 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ നാളിതുവരെ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 40129 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അടിയന്തിരമായി കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 മാലിന്യനിർമ്മാർജ്ജനം - സി സി ടി വി ക്യാമറകൾ പൂർണ്ണമായും പ്രവർത്തിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷം പ്രോജക്ട് നം.74/18 പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്ന് 357800/- രൂപ ചെലവഴിച്ച് മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ജംഗ്ഷനുകളിൽ 14 സി സി ടി വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഓഡിറ്റുവർഷം ക്യാമറകൾ മാറ്റിസ്ഥാപിക്കുന്നതിനും, പ്രവർത്തനത്തിനുമായി വിവിധ വൗച്ചറുകൾ പ്രകാരം തുടർ ചെലവുകൾ ഉണ്ടായിട്ടുണ്ട്. നിലവിൽ 9 ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങൾ മാത്രമെ പഞ്ചായത്തിലെ കൺട്രോൾ റൂമിൽ കാണാൻ സാധിക്കുന്നുള്ളൂ. എത്ര ദിവസത്തെ ബാക്ക് അപ്പ് ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന്റെ വിവരങ്ങൾ, മാലിന്യനിക്ഷേപം നടത്താൻ കൂടുതൽ സാധ്യതയുള്ള രാത്രികാലങ്ങളിൽ ദൃശ്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന വിവരങ്ങൾ, തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല. ക്യാമറയുടെ വാറന്റി കാലയളവ് പൂർത്തിയായെങ്കിലും ലോക്ക് ഡൗൺ കാരണം ക്യാമറയുടെ എ.എം.സി നടപടികൾ ആരംഭിക്കാൻ കഴിഞ്ഞില്ല എന്ന മറുപടിയാണ് നൽകിയത്. ക്യാമറകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാത്തതിനാലും രാത്രികാലദൃശ്യങ്ങൾ (Night Vision) ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാകാത്തതിനാലും പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല എന്ന് വിലയിരുത്തുന്നു. സിസിടിവി ക്യാമറകൾ സ്ഥാപിച്ച വിൻപ്ലസ് ട്രേഡിംഗ്, അരീക്കോട്, മലപ്പുറം എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് സാങ്കേതികപ്രശ്നം പരിഹരിക്കേണ്ടതാണ്. നിലവിൽ പ്രവർത്തനരഹിതമായ ക്യാമറകൾ കൂടി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പഞ്ചായത്ത് ഓഫീസിന് സോളാർ ഹൈബ്രിഡ് ഇൻവെർട്ടർ സ്ഥാപിക്കൽ-തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് , | പഞ്ചായത്ത് ഓഫീസിന് സോളാർ |

| | |
|---|---|
| പ്രോജക്ട് നം | ഹൈബ്രിഡ് ഇൻവെർട്ടർ സ്ഥാപിക്കൽ 144/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 10,00,000 |
| ചെലവഴിച്ച തുക | 1,22,000 ( തനതുഫണ്ട് വൗച്ചർനം21900766/20.12.2019)<br>8,78,000 (പദ്ധതി വിഹിതം -ബിൽ നം 1/21.05.2019) |

2018-19 വർഷം ആരംഭിച്ച പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറായാണ് ഓഡിറ്റ് വർഷം നടപ്പിലാക്കിയത്. സോളാർ ഹൈബ്രിഡിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, ഇലക്ട്രിസിറ്റി ബോർഡിലേക്കു നൽകുകയും അങ്ങനെ നൽകുന്ന വൈദ്യുതിയുടെ യൂണിറ്റിന് ആനുപാതികമായ തുക പഞ്ചായത്തിന്റെ മൊത്തം കറന്റ് ചാർജ്ജിൽ നിന്നും കുറയ്ക്കുകയും ചെയ്യുന്നതാണ് ഹൈബ്രിഡിന്റെ പ്രവർത്തനമെന്നാണ് പഞ്ചായത്ത് അധികൃതർ വിശദീകരിച്ചത്.

എന്നാൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15.07.2020-ലെ 18 -ം നമ്പർ ) മറുപടി ലഭ്യമാക്കിയില്ല.

- ഏതു മാസം മുതലാണ് സോളാർ ഹൈബ്രിഡിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡിനു നൽകിയത് എന്നതിന്റെ വിശദാംശങ്ങൾ
- ഒരു മാസം സോളാർ ഹൈബ്രിഡിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എത്ര യൂണിറ്റ് ആയിരുന്നു എന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- ഇലക്ട്രിസിറ്റി ബോർഡിനു നൽകുന്ന വൈദ്യുതിയുടെ യൂണിറ്റിന് ആനുപാതികമായി പഞ്ചായത്ത് ഓഫീസിന്റെ കറന്റ് ബിൽ തുക കുറയ്ക്കുന്നതിന്റെ വിശദാംശങ്ങൾ (കൺസ്യൂമർ നം ഉൾപ്പെടെ)
- കറന്റ് ബിൽ തുക കുറയുന്നു എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റുകളുടെ ഉൾപ്പെടെ നൂറോളം കൺസ്യൂമർ നമ്പരുകളിൽ കറന്റ് ബിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലഭ്യമാകുന്നുണ്ട്. അവയിൽ ഏതൊക്കെ ബില്ലുകളിൽ നിന്നാണ് കറന്റ് ബിൽ തുക കുറയ്ക്കുന്നതെന്ന് വ്യക്തമല്ല.

മേൽസൂചിത വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച 10,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പുഴ, പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് (1994) സെക്ഷൻ 218 ൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പംഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകകളും, സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിരക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതിമുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്. മേൽ പരാമർശിച്ച നിയമവ്യവസ്ഥകളും തുടർന്നുള്ള നിയമഭേദഗതികൾ മൂലവും സർക്കാർ ഉത്തരവുകൾ പ്രകാരവും നദീതീരവും പുറമ്പോക്കും സംരക്ഷിക്കുന്നതിന് നിയമപ്രകാരം റവന്യൂ വകുപ്പിലും പഞ്ചായത്തിലും നിക്ഷിപ്തമായ ചുമതല നിർവഹിക്കുന്നതിന്റെ ഭാഗമായി പുറമ്പോക്ക് സംബന്ധമായ വിവരങ്ങൾ റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 വിശ്രാന്തി - സമഗ്ര ശ്മശാന നവീകരണ പദ്ധതി - 9,12,708 രൂപ ചെലവഴിച്ചിട്ടും പ്രവർത്തനക്ഷമമായില്ല

| | |
|---|---|
| പ്രോജക്ട് നം | 186/20 |
| അടങ്കൽ<br><br>ആകെ | 357243 (13 -ാം ധനകാര്യ കമ്മീഷൻ )<br>2000000 (ബ്ലോക്ക് വിഹിതം)<br>23,57,243 രൂപ |
| ചെലവ് | 357243 (13 -ാം ധനകാര്യ കമ്മീഷൻ )<br>555465 (ബ്ലോക്ക് വിഹിതം)<br>ആകെ - 912708 രൂപ |
| കരാറുകാരൻ | മാത്തച്ചൻ എം വാടാന |
| ബിൽ നം/ചെക്ക് നം | 47/20-01-20<br>2190053/05.03.20 |

സമഗ്ര ശ്മശാന നവീകരണ പദ്ധതിയുടെ ഭാഗമായി 2018 ൽ ആരംഭിച്ച കെട്ടിടനിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് 14/07/2020ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഹാൾ, എൽ പി ജി റൂം, ഓഫീസ് റൂം, വരാന്ത, ടോയ് ലറ്റ്, ജനറേറ്റർ റൂം, കോൺക്രീറ്റ് വോൾട്ട് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് വിഹിതം 20,00,000 രൂപ 4.1.2019ൽ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും 2019-20ൽ തുക പ്രോജക്ടിൽ വകയിരുത്തിയിരുന്നില്ല. 2019 ൽ ലഭിച്ച 20,00,000 രൂപ ബ്ലോക്ക് വിഹിതത്തിൽ 555465 രൂപ മാത്രമേ വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഫണ്ടുകൾ വിനിയോഗിച്ച് പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ, ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ പ്രവൃത്തികൾക്കൂടി പൂർത്തീകരിച്ച് പൊതുശ്മശാനം പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്രിമറ്റോറിയം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 912708 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം 20,00,000/- രൂപ വീതവും കടപ്ലാമറ്റം പഞ്ചായത്ത് വിഹിതം 3,00,000/-രൂപയും ഉൾപ്പെടെ 43,00,000/- രൂപ മറ്റ് സ്ഥാപനങ്ങളുടെ വിഹിതമായി ലഭിച്ച ടി പ്രോജക്ടിന് ബ്ലോക്ക് വിഹിതം ഉപയോഗിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു വരുന്നതായാണ് പരിശോധനയിൽ കണ്ടത്. ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഫർണസ് വാങ്ങുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും കെട്ടിടം പണി യഥാസമയം പൂർത്തീകരിക്കാതിരുന്നതിനാൽ ഫർണസ് സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. ആകയാൽ 2019-20 വർഷം ജില്ലാപഞ്ചായത്ത് വിഹിതം ഒന്നും ചെലവഴിച്ചില്ല. പ്രോജക്ടുകൾക്ക് അതാത് വർഷങ്ങളിൽ ആവശ്യമായ തുകകൾ മാത്രം വിഹിതമായി നൽകുന്നതിന് പകരം തുക നൽകി വർഷങ്ങളോളം വിനിയോഗിക്കാതെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതുമൂലം മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്നു. ഫണ്ട് വിനിയോഗത്തിലും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-23 ആയുർവേദ ആശുപത്രി മെയിന്റനൻസ് - നിർവ്വഹണത്തിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നം | 172/20 |
| ചെലവ് | 1,71,749 (MG(NR) |
| പ്രവൃത്തിആരംഭിച്ച തീയതി | 15/11/17 |
| പ്രവൃത്തിപൂർത്തീകരിച്ച തീയതി | 19/12/19 |
| കരാറുകാരൻ | ഷാജി എബ്രഹാം |
| എം ബുക്ക് | 344/18-19 , 448/19-20 |
| | |

| | |
|---|---|
| ബിൽ നം | 49/20-01-20 |

സെപ്റ്റിക് ടാങ്ക് നിർമ്മാണം, ആശുപത്രി മെയിന്റനൻസ് എന്നിവയ്ക്കായി എസ്റ്റിമേറ്റ് റേറ്റിൽ ശ്രീ.ഷാജി എബ്രഹാമുമായി 15/11/17 ൽ കരാറിൽ ഏർപ്പെട്ടു. എന്നാൽ എംബുക്ക് പ്രകാരം പ്രവൃത്തി ആരംഭിച്ചിരിക്കുന്നത് 02/02/19 ന് മാത്രമാണ്. പ്രവൃത്തി ദീർഘിപ്പിക്കാനുള്ള കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/16-07-20) സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും, തുടർന്ന് പ്രളയം മൂലം കാലാവസ്ഥ അനുകൂലമല്ലാത്തതിനാലും കാലതാമസം വന്നു എന്ന മറുപടി നൽകി. 2017-18 ൽ ആരംഭിച്ച പ്രോജക്ട് തുടർച്ചയായ രണ്ട് വർഷങ്ങളിൽ സ്പിൽ ഓവറായി തുടർന്നതിലൂടെ പഞ്ചായത്തിന് ലഭ്യമായ 2019-20ലെ ഫണ്ടിൽ നിന്നും ചെലവ് ചെയ്യേണ്ടി വന്നു. കൃത്യമായ സ്ഥലനിർണ്ണയം നടത്തി മാത്രം പ്രോജക്ടുകൾ തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങളെല്ലാം ഫയലിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം- തുടർ നടപടികൾ അനന്തമായി നീളുന്നു.

2015-16 സാമ്പത്തിക വർഷംപ്രോജക്ട് നം.147/2016 പ്രകാരം 10,27,257 രൂപ തനത് ഫണ്ടിൽ നിന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് (കെ.എസ്.എച്ച്.ബി.) സർവ്വേ, പ്ലാൻ, ഡിസൈൻ എന്നിവ ഉൾപ്പെടെയുള്ള തുക കൺസൾട്ടൻസി ഫീസായി നൽകിയിരുന്നു. 6.86 കോടി രൂപ അടങ്കലായി ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ്-കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ ഉൾപ്പെടെ സേവനങ്ങൾ ലഭ്യമാക്കു ന്നതിന് 23.10.13ന് കെ.എസ്.എച്ച്.ബി.യുമായി കരാറിലേർപ്പെട്ടിരുന്നു. എന്നാൽ ചില സാങ്കേതികകാരണങ്ങളാൽ കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങാൻ വൈകുകയുണ്ടായി. 2018-19 വർഷം ടി പ്രവൃത്തിയ്ക്കായി ഇ-ടെൻഡർ നൽകുകയും ആയതിലൂടെ കരാറുകാരനെ കണ്ടെത്തി എഗ്രിമെന്റ് വെച്ച് പ്രവൃത്തി ഏൽപ്പിയ്ക്കുകയും ചെയ്തു. ആയതിനെ തുടർന്ന് പ്ലാൻ സെറ്റ് ഔട്ട് ചെയ്തപ്പോൾ സെല്ലാർ ഭാഗത്ത് ക്രമീകരിയ്ക്കുന്ന പാർക്കിംഗ് ഏരിയയിലേയ്ക്ക് വാഹനങ്ങൾ ഇറങ്ങിപ്പോകുന്നതിന് പ്ലാനിൽ കാണിച്ചിരിയ്ക്കുന്ന വീതി ലഭ്യമല്ലാതെ വന്നിരിയ്ക്കുന്നതായി എ.ഇ റിപ്പോർട്ട് നൽകുകയും ടി വിവരം കെ.എസ്.എച്ച്.ബി യുടെ കോട്ടയം ഓഫീസിലേയ്ക്ക് രേഖാമൂലം അറിയിക്കുകയും ചെയ്തു. ആയതുപ്രകാരം 11/2020-ൽ കെ.എസ്.എച്ച്.ബിയിൽ നിന്നും പുതിയ പ്ലാനും ഡിസൈനും ലഭ്യമാക്കിയിരുന്നു.

പുതിയ പ്ലാനും ഡിസൈനും പ്രകാരം ഷോപ്പിങ്ങ് കോംപ്ലക്സിന്റെ സെല്ലുലാറും ഗ്രൗണ്ട് ഫ്ളോറിന്റെയും സ്ട്രക്ചർ 75%പൂർത്തീകരിയ്ക്കാനുള്ള ഫണ്ടാണ് നിലവിലുള്ളത്. ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള മറ്റു പ്രവൃത്തികൾ പൂർത്തീകരിയ്ക്കു ന്നതിന് 80 ലക്ഷത്തോളം അധിക തുക വകയിരുത്തേണ്ടതായിട്ടുണ്ടെന്ന് (2020-21 വർഷം) സൂചിപ്പിച്ച് അസി. എൻജിനീയർ 24.02.2020-ൽ സെക്രട്ടറിയ്ക്ക് കത്തയച്ചിട്ടുണ്ട്. ഓഡിറ്റ വർഷം കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് യാതൊരു പ്രവൃത്തികളും നിർവ്വഹിച്ചിട്ടില്ല. 24.06.2020-ൽ റീകാസ്റ്റ് എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള രേഖകൾ സാങ്കേതി കാനുമതിയ്ക്കായി ബ്ലോക്ക് അസി. എക്സിക്യൂട്ടിവ് എൻജിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ബസ്റ്റാന്റ് ഉൾപ്പെടെയുള്ള ഒരു ബൃഹത്പദ്ധതിയ്ക്കാണ് പഞ്ചായത്ത് പ്ലാൻ ചെയ്തിരുന്നതെങ്കിലും ഷോപ്പിംഗ് കോപ്ളക്സ് പോലും നിർമ്മാണമാരംഭിയ്ക്കാൻ കഴിഞ്ഞിട്ടില്ല. കരാറുകാരൻ 12.03.2019 മുതൽ 9മാസത്തേയ്ക്ക്, കാലയളവ് ദീർഘിപ്പിയ്ക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. കെ.എസ്.എച്ച്.ബി. തയ്യാറാക്കിയ പുതിയ പ്ലാൻ, ഡിസൈൻ എന്നിവയ്ക്കനുസൃതമായി ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് ആവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്. ഈ പ്രോജക്ടിന്റെ ആരംഭ കാലഘട്ടം മുതൽ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെടുത്തിയിരുന്ന അപാകതകളിന്മേൽ പഞ്ചായത്ത് തലത്തിൽ യഥാസമയം പരിഹാര നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 മുൻകൂർ ഒടുക്കിയ തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, കിടങ്ങൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S00 15/ 2019-20 നം പദ്ധതി പ്രകാരം, ഗവ. ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 1,50,000/- രൂപ മെയിന്റനൻസ് റോഡിതരം ഫണ്ടിൽ വകയിരുത്തുകയും, 15.10.2019 ലെ 01/ 2019-20 നം ബിൽ പ്രകാരം Homco Ltd - ന്റെ 34306403911 നം. അക്കൗണ്ടിലേയ്ക്ക് 1,50,000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ | ആവശ്യപ്പെട്ട | ലഭിച്ച | ലഭിക്കാനുള്ള | നിർവ്വഹണ |
|---|---|---|---|---|

| പേര് | മരുന്നുകളുടെ വിവരം (തുക) | മരുന്നുകളുടെ വിവരം (തുക) | മരുന്നുകളുടെ വിവരം (തുക) | ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| ഗവ. ഹോമിയോ ഡിസ്പെൻസറി, കിടങ്ങൂർ | 1,50,000 | 85,665 | 64,335 | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, കിടങ്ങൂർ |
| ആകെ | 1,50,000 | 85,665 | 64,335 | |

15.10.2019 - ൽ തുക ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ട് നാളിതുവരെയായിട്ടും സമയബന്ധിതമായി മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നിർവ്വഹിക്കുന്നതിലും അതിന്റെ പൂർത്തീകരണത്തിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ജാഗ്രതയും നിയന്ത്രണവും നിർദ്ദേശങ്ങളും ഉണ്ടാകേണ്ടതാണ്. ആകെ 64,335/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-26 പശുവളർത്തൽ ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പശുവളർത്തൽ (ജനറൽ, എസ്.സി) പദ്ധതിയിൽ എല്ലാ ഉരുക്കൾക്കും ഇൻഷ്വറൻസ് രേഖകൾ ഉള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 090/20 |
| പ്രോജക്ട് | പശുവളർത്തൽ (ജനറൽ) |
| അടങ്കൽ | 720000(വികസന ഫണ്ട്)<br>780000(ഗുണഭോക്തൃവിഹിതം) |
| ആകെ | 1500000 |

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 091/20 |
| പ്രോജക്ട് | പശുവളർത്തൽ (എസ്.സി) |
| അടങ്കൽ | 420000(വികസന ഫണ്ട്)<br>180000(എസ്.സി.പി) |
| ആകെ | 600000 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പശുവളർത്തൽ എന്ന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ആകെ 29 ഗുണഭോക്താക്കളും എസ്.സി വിഭാഗം പ്രോജക്ടിൽ 3 ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത്. ജനറൽ വിഭാഗത്തിൽ 8 ഗുണഭോക്താക്കൾക്കും എസ്.സി വിഭാഗത്തിൽ 2ഗുണഭോക്താക്കൾക്കും ഇൻഷ്വറൻസ് രേഖകൾ ലഭ്യമായിട്ടില്ലായെന്ന് കാണുന്നു. ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 15.07.20ന് നൽകിയ 17-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇൻഷ്വറൻസ് രേഖകളുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിൽ ചെലവഴിച്ച 400000 രൂപയും എസ്.സി വിഭാഗത്തിൽ ചെലവഴിച്ച 100000 രൂപയും തടസ്സപ്പെടുത്തുന്നു.

## 1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

2019-20 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്കായി കെ.എസ്.ഇ.ബി, ഭൂജല വകുപ്പ് എന്നീ

സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂർ തുകകളിൽ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്.ഇ.ബി | V, XIII വാർഡുകളിൽ പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് ഇടൽ (126/19-20) | 10/2019-20/06.09.2019 | 13641 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (145/2019-20) | 09/2019-20/06.09.2019 | 167324 |
| കെ.എസ്.ഇ.ബി | വാർഡ് VII ൽ സ്ട്രീറ്റ് ലൈൻ വലിച്ച് ലൈറ്റ് ഇടൽ (207/2019-20) | 20/2019-20/11.02.2020 | 13271 |
| കെ.എസ്.ഇ.ബി | വാർഡ് I ൽ പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് ഇടൽ (167/2019-20) | 21/2019-20/16.03.2020 | 62658 |
| കെ.എസ്.ഇ.ബി | വിശ്രാന്തി - സമഗ്ര ശ്മശാന നവീകരണ പദ്ധതി - ത്രീ ഫേസ് ലൈൻ എക്സ്റ്റൻഷൻ & കണക്ഷൻ (41/2019-20) | 24/2019-20/16.03.2020 | 135208 |
| ഭൂജല വകുപ്പ് | കുഴൽ കിണറിന് ഹാൻഡ് പമ്പ് സ്ഥാപിക്കൽ (169/2019-20) | 21900330/07.08.2019 | 34342 |
| ഭൂജല വകുപ്പ് | ഷോപ്പിംഗ് കോംപ്ലക്സ് കുഴൽ കിണർ നിർമ്മാണം (209/2019-20) | 22/2019-20/12.03.2020 | 41300 |
| | ആകെ | | 467744 |

## 1-28 ലൈഫ് പദ്ധതി അവലോകനം

2017-18 സാമ്പത്തികവർഷമായിരുന്നു ലൈഫിന്റെ ഒന്നാം ഘട്ടം.ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത നാലു ഗുണഭോക്താക്കളും പ്രസ്തുത വർഷം തന്നെ ഗൃഹനിർമ്മാണം പൂർത്തീകരിച്ചു.

2018-19ലെ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായവരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 20 (ജനറൽ) |
| എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെഎണ്ണം | 19 |
| ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 15 |
| ഭവനനിർമ്മാണം പൂർത്തീകരണ ഘട്ടത്തിലായവർ | 02 |
| #ഭവനനിർമ്മാണം ബേസ്മെന്റ് ലവൽ വരെ പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 01 |
| *ഭവനനിർമ്മാണം ആരംഭിക്കാത്തവർ | 01 |

# ബേസ്മെന്റ് ലവൽ വരെ പൂർത്തീകരിച്ച ശ്രീ. ചന്ദ്രബാബു , കുടിയിരിക്ക തോട്ടത്തിൽ എന്നയാൾക്ക് ബാങ്ക് കേസ് ഉള്ളതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകിയിട്ടില്ല.

* എഗ്രിമെന്റ് വെച്ചിരുന്നെങ്കിലുംഭവനനിർമ്മാണത്തിന്റെ ആദ്യഗഡുകൈപ്പറ്റിയിട്ടില്ല.

2019-20 ലെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 48 (G-39,SC-9) |
| സ്വന്തമായി ഭൂമി ആർജ്ജിച്ചവർ | 4 (G-2,SC-2) |

| | |
|---|---|
| സ്പോൺസർഷിപ്പ് വഴി ഭൂമി ലഭിച്ചവർ | 1(G) |
| പട്ടികജാതി വികസനവകുപ്പ് വഴി ഭൂമി ലഭിച്ചവർ | 05 |
| തദ്ദേശസ്വയംഭരണസ്ഥാപനം വഴി ലഭിച്ചവർ | 0 |

2019-20 ലെ മൂന്നാം ഘട്ടത്തിലെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| വിഭാഗം | വികസനഫണ്ട് | സംസ്ഥാനാവിഷ്കൃത പദ്ധതി | ബ്ളോക്ക് വിഹിതം | ജില്ലാപഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| എസ്.സി വകയിരുത്തിയത് | 753460 | ---- | --- | 500000 | | 1253460 |
| ചെലവ് | 0 | ---- | --- | 0 | | 0 |
| ജനറൽവകയിരുത്തിയത് | 1209694 | 500000 | 1400000 | 4500000 | 500000 | 8109694 |
| ചെലവ് | 800000 | 300000 | 1200000 | 0 | 0 | 2300000 |

ഓഡിറ്റ് വർഷം എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി തുക നൽകിയിട്ടില്ല. പ്രോജക്ട് സ്പിൽ ഓവറാക്കി മാറ്റിയിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ അതാതുഘട്ടങ്ങളിൽ വീടുനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് ഭവനനിർമ്മാണ പദ്ധതി പുരോഗതി സംബന്ധിച്ച കാലിക വിവരങ്ങൾ ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2 ഭാഗം 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരമാർശിത നിയമ വ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3 ഭാഗം 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരമാർശിത നിയംവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-2020ഓഡിറ്റ് സമയത്ത് പരിശോധിച്ചു ( 06 -07-2020മുതൽ16-07-2020 വരെ) | കെ.എസ്.എ.കെ.ടി.എം.പി13/802/2020 തീയതി:17/08/.2020 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ഇനം | മുന്നിരിപ്പ് | വരവ് | തുക ലഭിച്ച് തീയതി | ആകെ | തൻ വർഷ ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന നിർമ്മാണം | ------ | 560000 | 05.09.2019 | 560000 | 385700 | 174300 |
| | ലൈഫ് ഭവന നിർമ്മാണം | 25700 | ----------- | 26.03.2019 | 25700 | 0 | 25700 |
| | പാലിയേറ്റീവ് കെയർ | 100000 | ----------- | 31.03.2018 | 100000 | 99297 | 703 |
| | ചെട്ടിയാപറമ്പിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 300000 | ------------- | 30.10.2018 | 300000 | 296294 | 3706 |
| | ഗ്യാസ് ക്രമറ്റോറിയം | 2000000 | ------------- | 29.09.2018 | 2000000 | 555465 | 1444535 |
| | പാലിയേറ്റീവ് | 100000 | -------------- | 26.06.2018 | 100000 | 98751 | 1249 |
| | ചിറപ്പുറം റോഡ് കോൺക്രീറ്റിംഗ് | 300000 | ----------- | 19.11.2018 | 300000 | - | 300000 |
| | കുടിവെള്ള ഫണ്ട് | 100000 | ------------- | 02.03.2018 | 100000 | 86800- | 13200 |
| | മാപ്പിംഗ് പ്രോജക്റ്റ് (EFMS വഴി ലഭിച്ചത്) | | 1309345 | - | 1309345 | 1309345 | -------------- |
| കോട്ടയം ജില്ലാ പഞ്ചായത്ത് | ക്രമറ്റോറിയം | 2000000 | --- | 22.01.2019 | 2000000 | - | 2000000 |
| | ലൈഫ് എസ്സ്.സി | 365000 | ------- | 22.03.2018 | 365000 | 0 | 365000 |
| | എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി | 400000 | ------- | 20.03.2019 | 400000 | 205320 | 194680 |
| | കുടിവെള്ള പ്രോജക്റ്റ് | 59000 | ---------- | 21.04.2012 | 59000 | 49911 | 9089 |
| | മാപ്പിംഗ് പ്രോജക്റ്റ് (EFMS വഴി ലഭിച്ചത്) | | 300000 | - | 300000 | 300000 | ------------ |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | V, XIII വാർഡുകളിൽ പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് | 10/2019-20/06.09.2019 | 13641 | 0 | 13641 |

| | | | | | |
|---|---|---|---|---|---|
| | ഇടൽ (126/19-20) | | | | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (145/2019-20) | 09/2019-20/06.09.2019 | 167324 | 0 | 167324 |
| കെ.എസ്.ഇ.ബി | വാർഡ് VII ൽ സ്ട്രീറ്റ് ലൈൻ വലിച്ച് ലൈറ്റ് ഇടൽ (207/2019-20) | 20/2019-20/11.02.2020 | 13271 | 0 | 13271 |
| കെ.എസ്.ഇ.ബി | വാർഡ് I ൽ പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് ഇടൽ (167/2019-20) | 21/2019-20/16.03.2020 | 62658 | 0 | 62658 |
| കെ.എസ്.ഇ.ബി | വിശ്രാന്തി - സമഗ്ര ശ്മശാന നവീകരണ പദ്ധതി - ത്രീ ഫേസ് ലൈൻ എക്സ്റ്റൻഷൻ & കണക്ഷൻ (41/2019-20) | 24/2019-20/16.03.2020 | 135208 | 0 | 135208 |
| ഭൂജല വകുപ്പ് | കുഴൽ കിണറിന് ഹാൻഡ് പമ്പ് സ്ഥാപിക്കൽ (169/2019-20) | 21900330/07.08.2019 | 34342 | 0 | 34342 |
| ഭൂജല വകുപ്പ് | ഷോപ്പിംഗ് കോംപ്ലക്സ് കുഴൽ കിണർ നിർമ്മാണം (209/2019-20) | 22/2019-20/12.03.2020 | 41300 | 0 | 41300 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ അക്കൗണ്ട് നം./ബാങ്ക് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക | ബാലൻസ് |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | G.O(MS) 68/2018/LSGD | KURDFC | 1578571 | 1578571 | 619205 | 959366 |

| | 18.05.2018 | | | | | |
|---|---|---|---|---|---|---|

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 612617 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ (6.87%) | 42088 |
| ആകെ | 654705 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 654705 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കാനറ ബാങ്ക്, കിടങ്ങൂർ<br>അക്കൗണ്ട് നം. 4675401000085/3 | 654705 |
| ആകെ | 654705 |

## 4-7 ഓഡിറ്റ് റിക്കവറി

2019-20 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ്റിക്കവറി ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 5-3-6(1) | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല. | ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുവാനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്/സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 74886961.98 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43872704 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2007873 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 40129 | ശ്രീമതി ജൊവാൻസി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 1000000 | ശ്രീ. രാജീവ് എസ്,<br>സെക്രട്ടറി |
| 1-26 | 500000 | ശ്രീമതി ഡോ. കെ.എം. വിജിമോൾ<br>വെറ്റിനറി സർജൻ |
| 1-27 | 467744 | ശ്രീ. രാജീവ് എസ്, സെക്രട്ടറി |
| ആകെ | 2007873 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽപുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽതീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/ റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/<br>അദാ-2018/57(2)/18 /20.02.2018 | 1 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/<br>അദാ-2018/57(3)/18 /20.02.2018 | 1 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2018/57(4)/18 /20.02.2018 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2018/57(5)/18 /20.02.2018 | 4 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2018/57(6)/18 /20.02.2018 | 3 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/ അദാ-2018/57(7)/18 /20.02.2018 | 2 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി12/1943/16/ 30.03.2017 | 7 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/619/16/ 19.08.2016/23.08.2016 | 2 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി12/693/16/ 03.06.2016/14.06.2016 | 26 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13-1508/16/ 03.05.2017 | 15 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13-1461/17/ 23.01.2018 | 9 |
| 2017-18 | കെ.എസ്.എ.- കെ.ടി.എം.പി.13/195/17/14.02.19 | 16 |
| 2018-19 | കെ.എസ്.എ.- കെ.ടി.എം.പി.13/1018/2019/24.08.2019 | 30 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ടയം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കിടങ്ങൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ കിടങ്ങൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എകെ.ടി.എം.പി13-802/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 17.08.20

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം